**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1605** **05-07-2022 - ൽ മറുപടിയ്ക്ക്**

**മാമം നാളികേര കോംപ്ലക്സിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (എ) | നിലവിൽ 30 MTPD കപ്പാസിറ്റിയുള്ള ആധുനിക വെളിച്ചെണ്ണ മില്ലും, പ്രതിദിനം 1000 ലിറ്റർ കപ്പാസിറ്റിയുള്ള വിർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. 06.07.21ലെ സ.ഉ(സാധാ) നം.574/21/കൃഷി ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ ഏലത്തൂരിൽ വെളിച്ചെണ്ണ മിൽ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുള്ള ഉത്തരവ് ഭേദഗതി ചെയ്ത് ആറ്റിങ്ങലിൽ മാമത്ത് നിലവിലുള്ള വെളിച്ചെണ്ണ മില്ലിനോട് ചേർന്ന് 15-20 MTPD സംസ്കരണ ശേഷിയുള്ള മിൽ സ്ഥാപിക്കുന്നതിനുതകുന്ന രീതിയിൽ ടി തുക വിനിയോഗിക്കുന്നതിനു മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ശുപാർശ പരിശോധിച്ചു വരുന്നു. കൂടാതെ നിലവിൽ 100 മെട്രിക് ടൺ കപ്പാസിറ്റിയുള്ള രണ്ട് സ്റ്റോറേജ് ടാങ്കുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ